പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 3    10.12.2012 ൽ മറുപടിയ്ക്ക്

**കൊച്ചി മെട്രോ**

**ചോദ്യം**

ശ്രീ.പി.ശ്രീരാമകൃഷ്ണൻ
ഡോ.ടി.എം.തോമസ് ഐസക്
ശ്രീ.കെ.രാധാകൃഷ്ണൻ
ശ്രീ.എ.എം.ആരിഫ്

**ഉത്തരം**

ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഡൽഹി മെട്രോ വൻ വിജയമാക്കിയ ഇ.ശ്രീധരനേയും അദ്ദേഹത്തിന്റെ കീഴിൽ വികസിച്ച ഡെൽഹി മെട്രോ കോർപ്പറേഷനേയും കൊച്ചി മെട്രോ പദ്ധതിയിൽ സഹകരിപ്പിക്കുന്നതിന് കേന്ദ്ര വിജിലൻസ് കമ്മീഷന്റെ വിലക്കുള്ളതായി കരുതുന്നുണ്ടോ; വിശദമാക്കുമോ; | (എ) | വിലക്കുള്ളതായി കരുതുന്നില്ല. കൊച്ചി മെട്രോ പദ്ധതി ഡി.എം.ആർ.സി.യുടെയും ഡോ.ഇ.ശ്രീധരന്റെയും പങ്കാളിത്തത്തോടെ പൂർത്തിയാക്കാനാണ് സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നത്. എന്നാൽ കൊച്ചി മെട്രോ പദ്ധതി കേന്ദ്ര ഗവൺമെന്റ് അംഗീകരിക്കുമ്പോൾ കമ്പനി കേന്ദ്ര വിജിലൻസ് കമ്മീഷന്റെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) | കൺസൾട്ടന്റുമാരുടെ നിയമനം സംബന്ധിച്ച് കേന്ദ്ര വിജിലൻസ് പുറത്തിറക്കിയ സർക്കുലർ ടേൺ കീ സമ്പ്രദായത്തിലുള്ള പദ്ധതിയ്ക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും ബാധകമാണെന്ന് സർക്കാർ കരുതുന്നുണ്ടോ; ഈ നിലയിലുള്ള ഉപദേശം സർക്കാരിന് ആരെങ്കിലും നൽകിയിട്ടുണ്ടെങ്കിൽ ആരെന്ന് വ്യക്തമാക്കുമോ; | (ബി) | കൺസൾട്ടന്റുമാരുടെ നിയമനം സംബന്ധിച്ച് കേന്ദ്ര വിജിലൻസ് കമ്മീഷൻ പുറത്തിറക്കിയിട്ടുള്ള വിജ്ഞാപനങ്ങളിൽ നിന്ന് പൊതുമേഖലാ സ്ഥാപനങ്ങളെ ഒഴിവാക്കിയതായി കാണുന്നില്ല. എന്നാൽ ടേൺ കീ അടിസ്ഥാനത്തിൽ കൺസൾട്ടന്റുമാർ മറ്റാരെയും നിർമ്മാണച്ചുമതല ഏൽപ്പിക്കാതെ സ്വന്തം നിലയിൽ നേരിട്ടുതന്നെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സി.വി.സി യുടെ സർക്കുലർ അനുസരിച്ച് തടസ്സം ഇല്ല. |

| | | | |
|---|---|---|---|
| (സി) | തുടർ നടപടികൾ സ്വീകരിക്കുന്നതിൽ സമയനഷ്ടം വരുത്തിയിരിക്കുന്നതു മൂലം ഇപ്പോൾ തന്നെ പദ്ധതിയുടെ അടങ്കൽ തുക വർദ്ധിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇൻഫ്രാസ്ട്രക്ചർ പദ്ധതികൾ വൈകുന്നതുമൂലം പണപ്പെരുപ്പത്തിന് ആനുപാതികമായി അടങ്കൽ തുക വർദ്ധിക്കുകയാണ് പതിവ്. കൊച്ചി മെട്രോ പദ്ധതിക്കു വേണ്ടി വരുന്ന ചെലവിന്റെ ഗണ്യമായ ഭാഗം ജിക്കാ ലോണിലൂടെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളത്. വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. എന്നാൽ ജിക്കാ നടപടിക്രമം അനുസരിച്ച് സാധാരണ ഗതിയിൽ ലോൺ അനുവദിക്കാൻ ചുരുങ്ങിയത് ഒരു വർഷം സമയം വേണ്ടി വന്നേക്കാം. മാത്രമല്ല, കൊച്ചി മെട്രോ റെയിൽ പദ്ധതിക്കാവശ്യമായ ഭൂമി പൂർണ്ണമായി അക്വയർ ചെയ്യുങ്കിൽ മാത്രമേ പൂർണ്ണമായി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. |
| (ഡി) | എങ്കിൽ ഡി.എം.ആർ.സി.യെ സഹകരിപ്പിച്ചുകൊണ്ട് മുൻ സർക്കാർ സ്വീകരിച്ച നിലപാടുമായി മുന്നോട്ടു പോകാൻ തയ്യാറാകുമോ? | (ഡി) | കൊച്ചി മെട്രോ പദ്ധതി ഡി.എം.ആർ.സി.യുടെ പങ്കാളിത്തത്തോടെ പൂർത്തിയാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഈ ഉദ്ദേശത്തോടുകൂടി |

| | | | |
|---|---|---|---|
| | | | മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നവംബർ 23-ന് ഡൽഹിയിൽ വച്ച് കേന്ദ്ര നഗര വികസന വകുപ്പ് മന്ത്രിയുമായി യോഗം ചേർന്നിരുന്നു. ഡൽഹി മെട്രോയുടെ നിർമ്മാണവുമായി ഡി.എം.ആർ.സി. സഹകരിക്കാമെന്ന് അന്നത്തെ യോഗത്തിൽ തീരുമാനമായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കൊച്ചി മെട്രോ പദ്ധതിയിൽ ഡി.എം.ആർ. സി.യുടെ പങ്ക് നിർണ്ണയിക്കുന്ന തിനായി ഒരു ടേംസ് ഓഫ് എൻഗേജ്മെന്റ് തയ്യാറാക്കി കൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ